"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- എഞ്ചിനിയറിംഗ് വിഭാഗം- പുനലൂർ മുനിസിപാലിറ്റി - കലയനാട് വാർഡിൽ ചൂരോട് കോളനിയിലേക്കുള്ള റോഡ് കോൺക്രീറ്റിംഗിലെ ക്രമക്കേടുകൾ— ആരോപണവിധേയരായ ഒന്നാം ഗ്രേഡ് ഓവർസിയറായിരുന്ന ശ്രീ.ഐസക് എം, അസി. എഞ്ചിനീയർ ശ്രീ. സന്തോഷ് കുമാർ കെ.വി, അസി. എക്സി. എഞ്ചിനീയറായിരുന്ന ശ്രീ. ബിജു എന്നീ ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്

സ.ഉ.(സാധാ) നം.1532/2025/LSGD തീയതി,തിരുവനന്തപുരം, 20-06-2025

---

പരാമർശം:-

1. വിജിലൻസ് ഡയറക്ടറുടെ 11.06.2021-ലെ ഇ3(എസ്.സി.87/2020/കൊല്ലം)25811/2020നമ്പർ കത്ത്
2. വിജിലൻസ് വകുപ്പിന്റെ 05.08.22-ലെ വിജി-ഡി1/287/2021/വിജി നമ്പർ കത്ത്.
3. 01.10.22-ലെ ഇഡബ്ല്യൂഎ1/56/2022/എൽഎസ്ജിഡി നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും.
4. ശ്രീ.ഐസക് എം. സമർപ്പിച്ച 12.12.22-ലെ എതിർവാദപത്രിക.
5. ശ്രീ.സന്തോഷ് കുമാർ കെ.വി., അസി.എക്സി.എഞ്ചിനിയർ സമർപ്പിച്ച എതിർവാദപത്രിക.
6. ശ്രീ.ബിജു.ആർ, അസി.എക്സി.എഞ്ചിനിയർ സമർപ്പിച്ച 10.12.22-ലെ എതിർവാദപത്രിക.
7. സ.ഉ (സാധാ) നം.2365/23/തസ്വഭവ തീയതി 30.11.2023.
8. പ്രിൻസിപ്പൽ ഡയറക്ടറുടെ 20.10.2023-ലെ LSGD-PD/3922/2023-VIGA4 നം. കത്ത്
9. ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥയുടെ 16.02.24-ലെ PWB1/22668/23/II നമ്പർ അന്വേഷണ റിപ്പോർട്ട്.

**ഉത്തരവ്**

പുനലൂർ മുനിസിപാലിറ്റി കലയനാട് വാർഡിൽ ചൂരോട് കോളനിയിലേക്ക് സ്വകാര്യവ്യക്തികളുടെ വസ്തുവിൽക്കൂടി ടി വ്യക്തികളുടെ സമ്മതമില്ലാതെ പൊതുഫണ്ട് ഉപയോഗിച്ച് റോഡ്കോൺക്രീറ്റിംഗ് നടത്തിയതിൽ ക്രമക്കേടുകളുണ്ടെന്നുള്ള

ആരോപണത്തിന്മേൽ വിജിലൻസ്, കൊല്ലം യൂണിറ്റ് നടത്തിയ മിന്നൽപരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

പുനലൂർ മുൻസിപാലിറ്റിയുടെ 2019-2020 വാർഷികപദ്ധതിയിൽ ഉൾപ്പെട്ട കലയനാട് വാർഡ് ഇംപ്രൂവ്മെന്റ് - ചൂരോട് കോളനി റോഡ് നിർമ്മാണം (SO.30/20) പട്ടികജാതിയിൽപ്പെട്ട SCP (Special Component Plan)-യിൽ ഉൾപ്പെട്ടവർക്ക് വേണ്ടിയായിരുന്നു. നിലവിലുള്ള കലയനാട്-ചൂരോട് റോഡിൽ 500മീറ്റർ കഴിഞ്ഞസ്ഥലത്തുനിന്നും ടി പ്രവൃത്തിയുടെ തുടർച്ചയായി 201.4 മീറ്റർ നീളത്തിൽ റോഡ്കോൺക്രീറ്റ് ചെയ്തിരുന്നു. ടി പ്രവൃത്തിയുടെ dead end-ൽ നിന്നും മുനിസിപാലിറ്റിയുടെ ആസ്തിരജിസ്റ്ററിലോ, ടി കലയനാട് -ചൂരോട് കോളനി റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട സൈറ്റ് പ്ലാനിലോ, ടി വർക്കിന്റെ എസ്റ്റിമേറ്റ്റിപ്പോർട്ടിലോ പ്രതിപാദിക്കാത്തതും സ്വകാര്യവ്യക്തികളുടെ കൈവശഭൂമിയിലൂടെ ടി വസ്തുഉടമകളുടെ അനുവാദം ഇല്ലാതെയും പട്ടികജാതിയിൽപ്പെട്ട കുടുംബങ്ങൾ ഗുണഭോക്താക്കൾ ആയി വരാതെയും അനധികൃതമായി, സർക്കാർഫണ്ട് ദുരുപയോഗംചെയ്ത് റോഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളതായി കണ്ടെത്തിയിരുന്നു. അനധികൃതമായും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പ്രയോജനപ്പെടാതെയും സർക്കാർഫണ്ട് ദുരുപയോഗംചെയ്തതുവഴി പുനലൂർ മുനിസിപ്പാലിറ്റിയ്ക്ക് 1,89,486/- രൂപയുടെ നഷ്ടം വന്നു എന്നും കണ്ടെത്തിയിരുന്നു.

മേൽപ്പറഞ്ഞ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ പുനലൂർ മുനിസിപാലിറ്റി എഞ്ചിനിയറിംഗ് വിഭാഗത്തിലെ അന്നത്തെ അസി.എക്സി. എഞ്ചിനിയർ ശ്രീ. ബിജു ആർ. (പെൻ നം. 613635), അസി. എഞ്ചിനിയർ ശ്രീ.സന്തോഷ് കുമാർ കെ.വി.(പെൻ നം.454922), ഓവർസിയർ ശ്രീ. ഐസക് എം.(പെൻ നം.682883) എന്നിവരിൽനിന്നും തുല്യവിഹിതമായി ആകെ 1,89,486/- രൂപ തിരിച്ചുപിടിക്കാൻ ചീഫ്എഞ്ചിനീയർക്ക് നിർദ്ദേശംനല്കുകയും ടിയാളുകൾക്കെതിരെ 1960-ലെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള അച്ചടക്കനടപടി സ്വീകരിച്ച് കുറ്റപത്രം നൽകുകയും ചെയ്തിരുന്നു. കൂടാതെ കരാറുകാരനായ ശ്രീ.റോയ് മാത്യുവിനെ കരിമ്പട്ടികയിൽ പെടുത്താനുള്ള നടപടിസ്വീകരിക്കാൻ ചീഫ്എഞ്ചിനീയർക്ക് നിർദ്ദേശവും നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതർ 63,162/-വീതം (മൊത്തം 1,89,486/- രൂപ) ട്രഷറിയൽ ഒടുക്കുവരുത്തിയിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിരുന്നു.

കുറ്റാരോപിതർ സമർപ്പിച്ച എതിർവാദപത്രികയിൽ, പരാമർശിതറോഡ് പുനലൂർ മുനിസിപാലിറ്റിയുടെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെട്ടതും കലയനാട് ജംഗ്ഷനിൽനിന്നും ആരംഭിക്കുന്നതും 1650മീററർ നീളവും ശരാശരി 4മീററർ വീതിയുമുള്ളതും കലയനാട് നിന്നുംതുടങ്ങുന്ന 500മീററർ. ഭാഗം നേരത്തെതന്നെ പണികൾപൂർത്തീകരിച്ചതും തുടർന്നുള്ള 233മീററർ ദൂരം കോൺക്രീറ്റ്ചെയ്യുന്നതിനാണ് എസ്റ്റിമേറ്റിൽ പറഞ്ഞിരുന്നതെന്നും ചെയിനേജ് 500മീററർ മുതൽ ടീ റോഡിന് ശരാശരി 1.80മീററർ മാത്രമാണ് വീതിയുണ്ടായിരുന്നതെന്നും സൈറ്റ്പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള ഭാഗം കഴിഞ്ഞ് ശരാശരി 1.60മീററർ വീതിയിൽ റോഡ് തുടർച്ചയായി കാണപ്പെട്ടിരുന്നുവെന്നും ഇക്കാര്യം അന്നത്തെ മുനിസിപ്പൽചെയർമാനും ടി വാർഡിന്റെ കൗൺസിലറുമായ ശ്രീ. ലത്തീഫുമായി ചർച്ചചെയ്യുകയും നാട്ടുകാരുടെ സാന്നിദ്ധ്യത്തിൽ സ്ഥലസന്ദർശനംനടത്തി ടിറോഡ് കലയനാട്-ചൂരോട്റോഡ് ആണെന്നും ടിവഴി ആശ്രിത-അഗതി പുനരധിവാസ ഇ.എം.എസ് സമ്പൂർണ്ണഭവനപദ്ധതിക്കായി നൽകിയിട്ടുള്ള ഭൂമിയിലേക്കുകൂടിയുള്ള വഴിയാണെന്നും ഉറപ്പുനൽകുകയും ചെയ്തിരുന്നു.

എന്നാൽ കോവിഡ്-19 പാൻഡെമിക് നിയന്ത്രണങ്ങൾമൂലം ടിവഴി സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്താൻ തങ്ങൾക്ക് സാധിച്ചില്ലെന്നും ടിപ്രവൃത്തിയുടെ മണ്ണ്പണികൾ ഉൾപ്പെടെയുള്ള പ്രാരംഭപണികൾ പൂർത്തീകരിച്ച് ഏകദേശം 5-ആഴ്ച കഴിഞ്ഞാണ് കോൺക്രീറ്റ്പണി ആരംഭിച്ചതെന്നും ഈകാലയളവിൽ ടിപ്രവൃത്തിയെക്കുറിച്ച് സമീപവസ്തുഉടമകളോ നാട്ടുകാരോ യാതൊരുവിധപരാതികളും ഉന്നയിച്ചിട്ടില്ലെന്നും മഴപെയ്താൽ റോഡിന്റെ താഴെവശമുള്ള വീടുകളിലേക്ക് മണ്ണ് ഒലിച്ചിറങ്ങാൻ സാധ്യതയുള്ളതിനാൽ കോവിഡ്-19 പാൻഡെമിക് നിയന്ത്രണങ്ങളുണ്ടായിരുന്നിട്ടും പണിപൂർത്തീകരിക്കുകയാണുണ്ടായതെന്നും ആകയാൽ പൊതുപണം ദുർവ്യയംചെയ്യുന്നതിനോ സ്വകാര്യവ്യക്തിയുടെ ഭൂമിയിൽക്കൂടി നിർമാണംനടത്തുന്നതിനോ മനഃപൂർവ്വമായി ഒന്നും ചെയ്തിട്ടില്ലെന്നും മേലുദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള പണികൾ മാത്രമേ ചെയ്തിട്ടുള്ളൂവെന്നും ആയതിനാൽ ശിക്ഷാ നടപടികളിൽ നിന്നും തങ്ങളെ ഒഴിവാക്കണമെന്നും ബോധിപ്പിച്ചിരുന്നു.

പ്രിൻസിപ്പൽ ഡയറക്ടർ എതിർവാദപത്രികകളിന്മേൽ ലഭ്യമാക്കിയ അഭിപ്രായക്കുറിപ്പിൽ ചെയിനേജ് 200മീററർ മുതൽ ചെയിനേജ് 235.20മീററർ വരെയുള്ള 35.20മീറ്റർ ഭാഗം സ്വകാര്യവ്യക്തിയുടെ പറമ്പിലൂടെയാണ് നിർമ്മാണം നടത്തിയിട്ടുള്ളതെന്നും അതിൽ 9.50മീററർ ഭാഗംപൊളിച്ചുകളഞ്ഞുവെന്നും പ്രവൃത്തിനടന്ന കാലയളവിൽ ടിപദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. സന്തോഷ് കുമാർ കെ.വി. ആയിരുന്നുവെന്നും ടിപദ്ധതിക്ക് മുനിസിപ്പൽഭരണസമിതിയുടെ അനുമതി, ജില്ലാആസൂത്രണസമിതിയുടെ അംഗീകാരം, ടിപ്രവൃത്തിയുടെ 8,50,000/- രൂപയുടെ അടങ്കലിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി എന്നിവ ലഭിച്ചിരുന്നുവെന്നും സാങ്കേതികാനുമതി നേടിയ എസ്റ്റിമേറ്റ് പ്രകാരം 223മീററർ നീളത്തിലും 3മീററർ വീതിയിലുമാണ് നിർമ്മാണം നടത്തേണ്ടിയിരുന്നത് എന്നും എന്നാൽ സൈറ്റ്പ്ലാൻ പ്രകാരം 197മീററർ നീളത്തിലും 3.5മീററർ വീതിയിലും റോഡിന്റെ അവസാനഭാഗം നിർമ്മാണമെന്ന് Price File Est.No.2019/24677-ൽ രേഖപ്പെടുത്തിയിരിക്കുന്നുവെന്നും ഫിസിബിലിറ്റിസർട്ടിഫിക്കറ്റ്, സോഷ്യൽമേപ്പ് എന്നിവപ്രകാരം സൈറ്റ്പ്ലാനിന് അനുസൃതമായാണ് നിർമ്മാണംനടത്തേണ്ടിയിരുന്നത് എന്നും. ടിപ്രോജക്ടിന്റെ ടെണ്ടർ പരിശോധിച്ചതിൽ 23.01.20-ൽ നടന്ന റീടെണ്ടറിൽ പങ്കെടുത്ത 3 കരാറുകാരിൽ രാജൻ എന്നകരാറുകാരൻ രേഖപ്പെടുത്തിയ 721854 രൂപയാണ് കുറഞ്ഞ നിരക്കായി കാണുന്നത് എന്നും എന്നാൽ കുറഞ്ഞനിരക്ക്രേഖപ്പെടുത്തിയ ആളായി മറ്റ് രേഖകളിൽ പരാമർശിക്കുന്നത് ശ്രീ.റോയ് മാത്യുവിന്റെ പേരാണ് എന്നും ടെണ്ടറിൽ 06.02.20-ലെ 14-ാം നമ്പർ തീരുമാനപ്രകാരം ശ്രീ.റോയ് മാത്യുവിന്റെ ടെണ്ടർ പുനലൂർനഗരസഭകൗൺസിൽ അംഗീകരിക്കുകയും ശ്രീ.റോയ് മാത്യുവും അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. സന്തോഷ് കുമാറുമായി 03.03.20-ൽ 181/AE/PMC/19-20 നമ്പറായി നിർമ്മാണകരാറിൽ ഏർപ്പെടുകയുംചെയ്തിട്ടുണ്ട് എന്നും

ടിപ്രവൃത്തിയുടെ അളവുകൾ 254/19-20 നമ്പർ എം.ബുക്ക്പ്രകാരം 18.03.20-ൽ അസി.എഞ്ചിനീയറായിരുന്ന ശ്രീ.സന്തോഷ് കുമാർ രേഖപ്പെടുത്തി അസി.എക്സി.എഞ്ചിനീയർ ശ്രീ. ബിജു ആർ. ചെക്ക്മെഷർചെയ്തിരുന്നു എന്നും ടി പ്രവൃത്തിയുടെ 7,79,575 രൂപയുടെ ബില്ല് 31.03.20-ൽ പാസാക്കി കരാറുകാരന് തുകനൽകി എന്നും ടിവർക്കിന്റെ കംപ്ലീഷൻസർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ ഓവർസിയറായ ശ്രീ.ഐസക് പ്രവൃത്തിയുടെ മേൽനോട്ടം നടത്തിയിട്ടുള്ളതാണ് എന്നും സൈറ്റ്പരിശോധിച്ചതിൽ എം.ബുക്കിൽ അളവ് രേഖപ്പെടുത്തിയ

നീളത്തിൽ നിർമ്മാണംനടത്തിയിട്ടുണ്ട് എന്നും എന്നാൽ അംഗീകൃത എസ്റ്റിമേറ്റിൽ ചെയിനേജ് 200 മീറ്റർ മുതൽ പറഞ്ഞദൂരംകഴിഞ്ഞ് ചെയിനേജ് 235.20മീറ്റർ വരെയുള്ള 35.20മീറ്റർ നീളം സ്വകാര്യ വ്യക്തിയുടെ പറമ്പിലൂടെയുള്ള വഴിയിൽ നിർമ്മാണം നടത്തിയിട്ടുള്ളതാണ് എന്നും അതിന്റെ ഒരു ഭാഗം മാറ്റിയിട്ടുള്ളതായും സ്വകാര്യവ്യക്തിയുടെ പുരയിടത്തിലൂടെയാണ് മേൽഭാഗംവഴിയെന്ന് അറിയാതെയാണ് നിർമ്മാണംനടത്തിയതെന്നും കോവിഡ്-19 ബുദ്ധിമുട്ടുകളും പദ്ധതി വർഷാവസാനത്തിലെ ജോലിഭാരവും നിമിത്തം പരിശോധിച്ച് ഉറപ്പാക്കാതെ നിർമ്മാണംനടത്തിയതിനാൽ സംഭവിച്ച വീഴ്ച കുറ്റാരോപിതർ സമ്മതിച്ചിട്ടുളളതാണെന്നും മന:പൂർവ്വമല്ലെന്നും സ്വകാര്യവ്യക്തിയുടെ ഭൂമിയിലൂടെ 35.20മീററർ നീളത്തിൽ റോഡ്നിർമ്മാണംനടത്തിയതുമൂലം സർക്കാർഖജനാവിനുണ്ടായ 1,89,486/- രൂപയുടെ നഷ്ടം ടിയാളുകൾ ട്രഷറിയിലടച്ച് സാമ്പത്തികനഷ്ടം പരിഹരിച്ചിട്ടുണ്ടെങ്കിലും പദ്ധതിനിർവഹണസമയത്ത് ടിഉദ്യോഗസ്ഥർ ജാഗ്രതക്കുറവോടുകൂടി പെരുമാറിയതിനാലാണ് പദ്ധതി നിർവഹണത്തിൽ അപാകത ഉണ്ടായതെന്നും പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെടുന്നു.

അച്ചടക്കനടപടിയുടെ ഭാഗമായി നടത്തിയ **ഔപചാരിക അന്വേഷണത്തിൽ,** ടി പ്രവൃത്തിയുടെ ചെയിനേജ് 200.20മീറ്റർ മുതൽ 235.40മീറ്റർ വരെയുള്ള 35.20മീറ്റർ ഭാഗം സ്വകാര്യവ്യക്തിയുടെ പറമ്പിലൂടെയാണ് നിർമ്മാണംനടത്തിയിട്ടുള്ളതെന്നും അതിൽ 9.50മീറ്റർ ഭാഗം ടിസ്ഥലത്തിന്റെ ഉടമസ്ഥർ പൊളിച്ചുകളഞ്ഞതായും സ്വകാര്യവ്യക്തികളുടെ ഭൂമിയിലൂടെ 35.20മീറ്റർ നീളത്തിൽ റോഡ് നിർമ്മാണംനടത്തിയതുമൂലം സർക്കാർ ഖജനാവിന് 1,89,486/- രൂപയുടെ നഷ്ടമുണ്ടായിട്ടുള്ളതായും ടിനഷ്ടം 63162/- രൂപവീതം ഒന്നാംഗ്രേഡ്ഓവർസിയർ ശ്രീ. ഐസക് എം., അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.സന്തോഷ് കുമാർ കെ.വി., അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ ശ്രീ.ബിജു ആർ. എന്നിവർ പുനലൂർസബ്ട്രഷറിയിൽ അടവാക്കിയിട്ടുള്ളതിനാൽ സർക്കാരിനുണ്ടായ സാമ്പത്തികനഷ്ടം പരിഹരിച്ചിട്ടുണ്ടെന്നും എന്നാൽ പദ്ധതിനിർവ്വഹണസമയത്ത് ടി ഉദ്യോഗസ്ഥരുടെ അശ്രദ്ധമൂലമാണ് പദ്ധതിനിർവ്വഹണത്തിൽ അപാകതയുണ്ടായതെന്നുംആരോപണ വിധേയരായ ഉദ്യോഗസ്ഥരിൽ അസി. എക്സി. എഞ്ചിനീയർ ശ്രീ. ബിജു ആർ., ഒന്നാം ഗ്രേഡ് ഓവർസിയർ ശ്രീ. ഐസക് എം. എന്നിവർ സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ടെന്നും ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥ റിപ്പോർട്ട് ചെയ്യുന്നു.

അച്ചടക്കനടപടിക്രമങ്ങളുടെ ഭാഗമായി തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർസെക്രട്ടറി കുറ്റാരോപിതരെ 6.04.2024-ൽ ചീഫ്എഞ്ചിനിയറുടെ ഓഫീസിലെ ബന്ധപ്പെട്ടഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ **നേരിൽ കേൾക്കുകയും** ടിയാൾക്കാർ മുൻവാദങ്ങൾ ആവർത്തിക്കുകയുമുണ്ടായി.

വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപിതരുടെ പ്രതിവാദ പത്രിക, പ്രൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായ കുറിപ്പ്, അന്വേഷണ റിപ്പോർട്ട്, നേരിൽകേട്ട വേളയിലെ വാദഗതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. എം.ബുക്കിൽ അളവ് രേഖപ്പെടുത്തിയ നീളത്തിൽ നിർമ്മാണം നടത്തിയിട്ടുണ്ട്. എന്നാൽ അംഗീകൃതഎസ്റ്റിമേറ്റിൽ ചെയിനേജ് 200 മീറ്റർ മുതൽ പറഞ്ഞ ദൂരം കഴിഞ്ഞ് ചെയിനേജ് 235.20മീറ്റർ വരെയുള്ള 35.20മീറ്റർ നീളം സ്വകാര്യവ്യക്തിയുടെ പറമ്പിലൂടെയുള്ള വഴിയിൽ നിർമ്മാണം നടത്തിയിട്ടുള്ളതും അതിൽ 9.50മീറ്റർ ഭാഗം ടിസ്ഥലത്തിന്റെ ഉടമസ്ഥർ

പൊളിച്ചുകളഞ്ഞതുമാണ്. പദ്ധതി നിർവഹണ സമയത്ത് ടിഉദ്യോഗസ്ഥർ ജാഗ്രതക്കുറവോട്ടുകൂടി പെരുമാറിയതിനാലാണ് പദ്ധതിനിർവഹണത്തിൽ അപാകതയുണ്ടായത്. സ്വകാര്യവ്യക്തിയുടെ പുരയിടത്തിലൂടെയാണ് വഴിയുടെ ഒരുഭാഗമെന്ന് അറിയാതെയാണ് നിർമ്മാണംനടത്തിയതെന്നും കോവിഡ്-19 ബുദ്ധിമുട്ടുകളും പദ്ധതിവർഷാവസാനത്തിലെ ജോലിഭാരവും നിമിത്തം നിർമ്മാണം നടത്തിയതിൽ സംഭവിച്ച വീഴ്ച മന:പൂർവ്വമല്ലെന്ന പ്രതിവാദപത്രികയിലേയും നഷ്ടം തിട്ടപ്പെടുത്തിയതിലെ മൊഴിയിലേയും വാദങ്ങൾ പരിഗണിച്ചും സർക്കാർ ഖജനാവിനുണ്ടായ 1,89,486/- രൂപയുടെ നഷ്ടം കുറ്റാരോപിതർ ട്രഷറിയിൽ അടച്ച് സാമ്പത്തികനഷ്ടം പരിഹരിച്ചിട്ടുള്ളത് കണക്കിലെടുത്തും പുനലൂർ മുനിസിപാലിറ്റിയിൽ കലയനാട് വാർഡിൽ ചൂരോട്കോളനിയിലേയ്ക്കുള്ള റോഡ്നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകളിൽ കുറ്റാരോപിതർക്കെതിരെ 1960-ലെ KCS (CC&A) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം സ്വീകരിച്ചുവന്ന അച്ചടക്കനടപടി **അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.സന്തോഷ് കുമാർ കെ.വി.-യ്ക്ക് ഭാവിയിൽ ഇത്തരംകാര്യങ്ങളിൽ കൂടുതൽ ജാഗ്രതപുലർത്തുന്നതിനായി അതേചട്ടത്തിലെ ചട്ടം 11(i) പ്രകാരം ശാസന(Censure) നൽകിയും സേവനത്തിൽനിന്നും വിരമിച്ചിട്ടുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ബിജു ആർ., ഒന്നാം ഗ്രേഡ് ഓവർസിയർ ശ്രീ.ഐസക് എം. എന്നിവരെ അച്ചടക്കനടപടിയിൽ നിന്ന് ഒഴിവാക്കിയും** തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. ശ്രീ.ബിജു ആർ. (പെൻ 613635), അസി.എക്സി.എഞ്ചിനിയർ (Rtd)
**(തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം)**
2. ശ്രീ.സന്തോഷ് കുമാർ കെ.വി., അസി.എക്സി.എഞ്ചിനീയർ (പെൻ 454922)
**(തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം)**
3.ശ്രീ.ഐസക് എം., ഒന്നാം ഗ്രേഡ് ഓവർസിയർ,(Rtd)(പെൻ 682883). **(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം)**
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
5. വിജിലൻസ് വകുപ്പ് (05.08.22-ലെ വിജി-ഡി1/287/2021/വിജി നമ്പർ കുറിപ്പ് പ്രകാരം)
6. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
7. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
8. തദ്ദേശ സ്വയംഭരണ (EWB) വകുപ്പ് (DPC ലിസ്റ്റ് സംബന്ധിച്ചഅനന്തരനടപടിയ്ക്കായി)
9. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
10. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്(EWA1/56/2022-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 21-06-2025 11:22:22
സെക്ഷൻ ഓഫീസർ